# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 20 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>



**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

### പട്ടയത്തിന് അപേക്ഷിച്ചവരുടെ ഹിയറിംഗിന് മാടക്കത്തറയിൽ തുടക്കമായി
## അർഹരായ എല്ലാവർക്കും പട്ടയം നൽകാനുള്ള ശ്രദ്ധേയമായ കാൽവെപ്പ്: അഡ്വ. കെ. രാജൻ

ദീർഘകാലമായി മലയോര കർഷകർ ഉന്നയിക്കുന്ന സങ്കീർണമായ പട്ടയ പ്രശ്നം ഘട്ടം ഘട്ടമായി ലഘൂകരിച്ച് അർഹരായ എല്ലാവർക്കും പട്ടയം നൽകാനുള്ള ശ്രദ്ധേയമായ കാൽവെപ്പാണ് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ, സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ നടത്തുന്നതെന്ന് ഗവ. ചീഫ് വിപ്പ് അഡ്വ. കെ. രാജൻ പറഞ്ഞു. തൃശൂർ താലൂക്കിൽ പട്ടയത്തിനായി അപേക്ഷിച്ചവരിൽ റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടത്താത്തവരുടെ ഹിയറിംഗ് മാടക്കത്തറ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മാടക്കത്തറ വില്ലേജിലെ വർഗീസ് ഉലഹന്നാനിൽനിന്ന് അപേക്ഷ സ്വീകരിച്ചാണ് ഉദ്ഘാടനം നിർവഹിച്ചത്.

പട്ടയം നൽകുന്നതിന് കേന്ദ്ര സർക്കാറിന്റെ അനുമതി ലഭ്യമായ സ്ഥലങ്ങളിൽ പലതിനും സംയുക്ത പരിശോധനയുടെ രേഖകൾ കാണാനില്ലെന്ന പ്രശ്നമുണ്ടെന്ന് അഡ്വ. കെ. രാജൻ പറഞ്ഞു. ഇത് പാവപ്പെട്ട കർഷകരുടെ കുറ്റമല്ല. അതുകൊണ്ട് വനഭൂമി കേന്ദ്ര പതിവ് ലിസ്റ്റിൽ അനുവാദം കിട്ടിയിട്ടുള്ള സ്ഥലങ്ങൾക്ക് സംയുക്ത പരിശോധന റിപ്പോർട്ട് കാണാനില്ലെങ്കിലും പട്ടയം കൊടുക്കാം എന്ന നിർണ്ണായക തീരുമാനം സർക്കാർ എടുത്തു. അതുപോലെ സംയുക്ത പരിശോധന നടക്കുന്ന കാലത്തെ മരങ്ങൾ പലതും ഇപ്പോൾ നഷ്ടപ്പെട്ടിട്ടുണ്ട്. പട്ടയം കൊടുക്കുന്നതിന്, ഈ മരങ്ങൾ ഇപ്പോൾ ഉണ്ടായിരുന്നെങ്കിലുള്ള വലിപ്പവും കാതലും അനുസരിച്ച് വില കൊടുക്കണമെന്ന നിർദേശവും നിലനിൽക്കുന്നുണ്ട്. അത് എടുത്തു കളഞ്ഞ് നിലവിലുള്ള പട്ടയഭൂമിയിൽ അന്ന് നിലനിൽക്കുന്ന മരങ്ങളിൽ ഏതൊക്കെയാണോ ബാക്കിയുള്ളത്, അതിന്റെ മാത്രം വില നൽകിയാൽ മതി എന്ന് തീരുമാനിച്ചു. ഇത് കഴിഞ്ഞ ജൂൺ 26ന് സർക്കാർ ഉത്തരവായി പുറത്തിറങ്ങി. ഇത് നടപ്പിലാക്കുന്നത് ആലോചിക്കാനായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി മൊയ്തീന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം നാല് വിഭാഗമായി പട്ടയ പ്രശ്നത്തെ തിരിച്ചതായി കെ. രാജൻ പറഞ്ഞു.

ആദ്യത്തേത്, കേന്ദ്ര പതിവുലിസ്റ്റിൽ പേരുണ്ടായിട്ടും സംയുക്ത പരിശോധനാ റിപ്പോർട്ട് ഇല്ലാത്തത്, മരവില നിശ്ചയിക്കാത്തത്, തർക്കങ്ങളുള്ളത് എന്നിവയാണ്. ഈ പട്ടയങ്ങൾ എല്ലാ തർക്കവും ഒഴിവാക്കി ഡിസംബർ മാസത്തിൽ കൊടുക്കാനുള്ള നടപടി എടുക്കാൻ തീരുമാനിച്ചു. രണ്ടാമത്തെ വിഭാഗം, കേന്ദ്ര പതിവ് ലിസ്റ്റിന് വേണ്ടി സംയുക്ത പരിശോധന നടത്തി അയച്ചെങ്കിലും സാങ്കേതിക കാരണങ്ങളാൽ കേന്ദ്ര സർക്കാർ തിരിച്ചയച്ച ആയിരത്തിലേറെ ഹെക്ടർ ഭൂമിയുടെ പട്ടയാപേക്ഷകളാണ്. ഇത് ജി.പി.എസ് സംവിധാനത്തോടെ സർവേ നടത്തി ഓൺലൈനായി അപേക്ഷിച്ചാൽ മാത്രമേ അനുവാദം നൽകാൻ കഴിയൂ എന്ന് കേന്ദ്ര വനംവകുപ്പ് അറിയിച്ചിട്ടുണ്ട്. മൂന്ന് പേരടങ്ങുന്ന പത്ത് സർവേ ടീമിനെ തീരുമാനിച്ച് ഓരോ ടീമിനും കളക്ടറുടെ പ്രത്യേക ഫണ്ടിൽനിന്ന ജി.പി.എസ് മെഷീൻ വാങ്ങി നൽകി ഡിസംബർ മാസത്തിനകം സർവേ പൂർത്തിയാക്കി വീണ്ടും കേന്ദ്രാനുമതിക്കായി അപേക്ഷിക്കും.

മൂന്നാമത്തെ വിഭാഗം അപേക്ഷ നൽകിയെങ്കിലും സംയുക്ത പരിശോധന നടത്താത്തതാണ്. ഇവരുടെ അപേക്ഷ പരിശോധിച്ച് സംയുക്ത പരിശോധന നടത്തി കേന്ദ്രാനുമതിക്ക് അയക്കും. ഇതിനായി അപേക്ഷകരെ വിളിച്ച് നടത്തുന്ന ഹിയറിംഗിനാണ് മാടക്കത്തറയിൽ തുടക്കമായത്. നാലാമത്തെ വിഭാഗം അപേക്ഷ ഇതുവരെ കൊടുക്കാത്തവരാണ്. ഇക്കാര്യത്തിൽ സർക്കാർ ആലോചിച്ച് നടപടി സ്വീകരിക്കും. പട്ടയ പ്രശ്നം ഓരോ താലൂക്കിലും

ഏകോപിപ്പിക്കുന്നതിന് ഓരോ താലൂക്കിലും ഓരോ ഡെപ്യൂട്ടി കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് അതിനുള്ള യോഗങ്ങൾ നടക്കുകയാണ്. ഇത് നടപ്പിലാക്കാൻ പ്രത്യേക ഓഫീസ് വേണമെന്ന തീരുമാനം സംസ്ഥാന മന്ത്രിസഭയുടെ പരിഗണനയ്ക്ക് വെച്ചതായും അദ്ദേഹം അറിയിച്ചു.

മാടക്കത്തറ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജില്ലാ കളക്ടർ എസ്. ഷാനവാസിന്റെ നേതൃത്വത്തിലാണ് ഹിയറിംഗ് നടത്തിയത്. മാടക്കത്തറ വില്ലേജിലെ 192 അപേക്ഷകളാണ് ആദ്യഘട്ടത്തിൽ പരിഗണിക്കുന്നത്. ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ റവന്യു, വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തും. രണ്ടു ദിവസം കൂടി മാടക്കത്തറ വില്ലേജിന്റെ ഹിയറിംഗ് ഉണ്ടാവും. 30 പേരുടെ അപേക്ഷകളാണ് ആദ്യദിവസം പരിശോധിച്ചത്.

മാടക്കത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി.എസ് വിനയൻ, മറ്റ് ജനപ്രതിനിധികൾ, കർഷക സംഘടനാ പ്രതിനിധികൾ, റവന്യു, വനം വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.

## പത്താഴക്കുണ്ട് ഡാം ഇന്ന് (ആഗസ്റ്റ് 21) തുറക്കും

ജലവിതാനം 12.49 മീറ്ററിലെത്തിയതിനാൽ ചെറുകിട ജലസേചന വകുപ്പിന്റെ കീഴിൽ തെക്കുംകര പഞ്ചായത്തിലെ പത്താഴക്കുണ്ട് ഡാം ഇന്ന് (ആഗസ്റ്റ് 21) രാവിലെ 10.30ന് തുറക്കുമെന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കളക്ടർ അറിയിച്ചു. ഡാമിന്റെ ക്രെസ്റ്റ് ലെവൽ 12.50 മീറ്ററും പരമാവധി ജലനിരപ്പ് 14 മീറ്ററുമാണ്. വടക്കാഞ്ചേരി നഗരസഭ, തെക്കുംകര, മുളംകുന്നത്ത്കാവ്, അവണൂർ ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലുള്ളവർ ജാഗ്രത പാലിക്കണമെന്ന് കളക്ടർ അറിയിച്ചു.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി

ജില്ലയിൽ ദുരിതാശ്വാസ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് (ആഗസ്റ്റ് 21) ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ദുരിതാ ശ്വാസ ക്യാമ്പുകളുടെ പ്രവർത്തനം തടസ്സപ്പെടാത്ത വിധത്തിൽ അദ്ധ്യയനം സാധ്യമാകുന്ന പക്ഷം അത്തരം സ്ഥാപനങ്ങൾക്ക് അവധി ബാധകമല്ല.

## കേരളതീരത്ത് മത്സ്യബന്ധനത്തിന് തടസ്സമില്ല

കേരള തീരത്ത് മൽസ്യബന്ധനത്തിന് പോകുന്നതിൽ തടസ്സമില്ലെന്ന് കേന്ദ്ര കാലാവസ്ഥ കേന്ദ്രം അറിയിച്ചു. താഴെ പറയുന്ന പ്രദേശങ്ങളിൽ മൽസ്യബന്ധനത്തിന് പോകരുതെന്ന് കേന്ദ്ര കാലാവസ്ഥ കേന്ദ്രം നിർദേശിച്ചു.

ആഗസ്റ്റ് 22 വരെ: തെക്ക് പടിഞ്ഞാറ് ദിശയിൽ നിന്ന് മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ള തെക്ക് പടിഞ്ഞാറ് അറബിക്കടൽ. ആഗസ്റ്റ് 21 മുതൽ ആഗസ്റ്റ് 23 വരെ: തെക്ക് പടിഞ്ഞാറ് ദിശയിൽ നിന്ന് മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ള തെക്ക് പടിഞ്ഞാറ് ബംഗാൾ ഉൾക്കടൽ. ആഗസ്റ്റ് 22 മുതൽ ആഗസ്റ്റ് 23 വരെ: തെക്ക് പടിഞ്ഞാറ് ദിശയിൽ നിന്ന് മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ള മധ്യ ബംഗാൾ ഉൾക്കടൽ.

## എടത്തുരുത്തിയിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ അടിയന്തിര നടപടിക്ക് കളക്ടറുടെ നിർദ്ദേശം

എടത്തുരുത്തി പഞ്ചായത്തിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ അടിയന്തരമായി നടപടിയെടുക്കാൻ ജലസേചന ഉദ്യോഗസ്ഥരോട് ജില്ലാ കളക്ടർ എസ് ഷാനവാസ് ഉത്തരവിട്ടു. കനോലി കനാലിനെയും ചിറക്കൽ ചെറുപുഴ തോടിനെയും ബന്ധപ്പെടുത്തി പുതിയ കനാൽ നിർമ്മിച്ച് കെട്ടി നിൽക്കുന്ന ജലം ഒഴുക്കിവിടാൻ വേണ്ട പദ്ധതി തയ്യാറാക്കാനും തോടുകളുടെ ആഴം കൂട്ടി വൃത്തിയാക്കാനും അദ്ദേഹം ഇറിഗേഷൻ വകുപ്പിനോട് ആവശ്യപ്പെട്ടു. മഴ മാറിയിട്ടും എടത്തുരുത്തിയിലെ വെള്ളക്കെട്ട് മാറാത്ത സാഹചര്യത്തിൽ വെള്ളക്കെട്ട് ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയായിരുന്നു അദ്ദേഹം.

മേഖലയിലെ വെള്ളക്കെട്ട് രൂക്ഷമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ഉടൻ തന്നെ ഇറിഗേഷൻ ഉദ്യോഗസ്ഥരെ വിളിക്കുകയായിരുന്നു. മഴ മാറിയിട്ടും പഞ്ചായത്തിലെ കോഴിത്തുമ്പ് കോളനി, അയ്യംപടി കോളനി, കനാൽ പരിസരം എന്നീ പ്രദേശങ്ങളിലാണ് വെള്ളക്കെട്ട് ഇപ്പോഴും നിൽക്കുന്നത്. കരുവന്നൂർ ഹരിപുരം താണിശ്ശേരി കെഎൽഡിസി ബണ്ട് പൊട്ടിയ വെള്ളം കനാലിലേക്ക് ഒഴുകിയതും വെള്ളം പൊങ്ങിയിട്ടും ഒഴുക്കില്ലാഞ്ഞതും വെള്ളക്കെട്ടിന് കാരണമായി. പ്രദേശത്തെ ആളുകൾ മുഴുവനും ക്യാമ്പുകളിലും ബന്ധുവീടുകളുമായി താമസിക്കുകയാണ്. വെള്ളം വീണ്ടും പൊങ്ങാൻ തുടങ്ങിയപ്പോൾ ക്യാമ്പുകളിൽ നിന്ന് ഒഴിഞ്ഞു പോയവരും തിരികെയെത്തിയിരുന്നു. ചൂലൂർ ഐടിഐ, പുളിഞ്ചോട് എഎഎൽസിപി സ്കൂൾ എന്നിവിടങ്ങളിലായി തുടരുന്ന ക്യാമ്പിൽ 60 കുടുംബങ്ങൾ ഇപ്പോഴും താമസിക്കുന്നുണ്ട്. കയ്പമംഗലം നിയോജകമണ്ഡലം ഇ ടി ടൈസൺ മാസ്റ്റർ, പഞ്ചായത്ത് പ്രസിഡന്റ് ബൈന പ്രദീപ്, വൈസ് പ്രസിഡന്റ് എ വി സതീശൻ, വില്ലേജ് ഓഫീസർ പി എ ഷക്കീർ, പഞ്ചായത്ത് അംഗം കെ കെ ജമാൽ എന്നിവരോടൊപ്പമാണ് ജില്ലാ കളക്ടർ വെള്ളക്കെട്ട് ബാധിത പ്രദേശങ്ങൾ സന്ദർശിക്കാനെത്തിയത്.

## പ്രളയബാധിത വിദ്യാർത്ഥികൾക്കായി നോട്ടുബുക്കുകൾ നൽകി

കൊടുങ്ങല്ലൂർ താലൂക്ക് നടത്തി വരുന്ന കളക്ഷൻ സെന്ററിലേക്ക് ശ്രീനാരായണപുരം അഞ്ചാംപരത്തി പ്രണവം റസിഡൻസി ഭാരവാഹികൾ പ്രളയബാധിത കുട്ടികൾക്കായി നോട്ടുബുക്കുകൾ നൽകി. ഇ.ടി ടൈസൺ മാസ്റ്റർ എംഎൽഎ, ജില്ലാ പഞ്ചായത്ത് മെമ്പർ നൗഷാദ് കൈതവളപ്പിൽ, റസിഡൻസി പ്രസിഡണ്ട് രാജഗോപാൽ, സെക്രട്ടറി പി എ രാജു തുടങ്ങിയവർ ആശംസ നേർന്നു.

## സ്മാർട്ട് വില്ലേജ് ശിലാസ്ഥാപനം 23 ന്

തളിക്കുളം ഗ്രാമപഞ്ചായത്തിലെ തളിക്കുളം വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ആക്കുന്നതിന്റെ ഭാഗമായി കെട്ടിടത്തിന്റെ ശിലാസ്ഥാപനം ആഗസ്റ്റ് 23 രാവിലെ പത്തിന് കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ നിർവഹിക്കും. ഗീത ഗോപി എംഎൽഎ അദ്ധ്യക്ഷത വഹിക്കും. ടി എൻ പ്രതാപൻ എംപി മുഖ്യാതിഥിയാകും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, തളിക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി ഐ സജിത, ബ്ലോക്ക് പ്രസിഡണ്ട് ഡോ. സുഭാഷിണി മഹാദേവൻ, ജില്ലാ കളക്ടർ എസ് ഷാനവാസ്, നിർമ്മിതി കേന്ദ്രം റീജ്യണൽ എഞ്ചിനീയർ എ എം സതീദേവി, ചാവക്കാട് തഹസിൽദാർ സി എസ് രാജേഷ് എന്നിവർ പങ്കെടുക്കും.

പ്ലാൻ ഫണ്ട് 44 ലക്ഷം രൂപ വിനിയോഗിച്ച് 1600 സക്വയർ ഫീറ്റിൽ അത്യാധുനിക സൗകര്യങ്ങളോടെയുള്ള ഓഫീസ് കെട്ടിടമാണ് സ്മാർട്ട് വില്ലേജിൽ നിർമ്മിക്കുക. പശ്ചാത്തല സൗകര്യങ്ങൾ താരതമ്യേന കുറവായ തളിക്കുളം വില്ലേജ് ഓഫീസ് സ്മാർട്ടാക്കുന്നതോടെ പൊതുജനങ്ങൾക്ക് ഏറ്റവും മികച്ച സേവനങ്ങൾ ലഭ്യമാകും. ഗ്രാമപഞ്ചായത്തു പ്രസിഡന്റ് പി ഐ സജിത, പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം കെ ബാബു, ബ്ലോക്ക് പഞ്ചായത്തു വൈസ് പ്രസിഡന്റ് സി പി ശശികുമാർ, ബ്ലോക്ക് മെമ്പർ കെ ബി വാസന്തി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ കെ കെ രജനി, ഇ പി കെ സുഭാഷിതൻ, പഞ്ചായത്ത് അംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

## കയ്പമംഗലം മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങൾ സ്മാർട്ടാകുന്നു

കയ്പമംഗലം നിയോജകമണ്ഡലത്തിലെ പ്രാഥമികതലം മുതൽ ഹൈസ്കൂൾ വരെയുള്ള എല്ലാ പൊതുവിദ്യാലയങ്ങളും ഹൈടെക്കാകുന്നു. ഇതിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലേക്ക് 1.4 കോടി രൂപ ചിലവഴിച്ച് 333 ലാപ്ടോപ്പുകൾ, 142 എൽസിഡി പ്രൊജക്ടറുകൾ, 333 സ്പീക്കറുകൾ തുടങ്ങിയവ വിതരണം ആരംഭിച്ചു കഴിഞ്ഞു.

മണ്ഡലത്തിലെ 36 ക്ലാസ് മുറികളാണ് ആണ് ഇത്തരത്തിൽ ആദ്യമായി സ്മാർട്ട് ആകുന്നത്. നിയോജകമണ്ഡലത്തിലെ എല്ലാ സർക്കാർ വിദ്യാലയങ്ങളിലേയും യുപി വിഭാഗം

ക്ലാസ്മുറികളും  സമ്പൂർണ്ണമായും സ്മാർട്ട് ആകും. ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎയുടെ 2017-18 ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 22.5 8 ലക്ഷം രൂപ ചെലവഴിച്ചാണ് പദ്ധതികൾ നടപ്പാക്കുന്നത്. സർക്കാർ ഏജൻസിയായ കെൽട്രോൺ ആണ് പദ്ധതി നിർവഹണ ഏജൻസി. ഇതിനാവശ്യമായ  സാങ്കേതിക സാമഗ്രികളെല്ലാം വിദ്യാലയങ്ങളിൽ എത്തിക്കഴിഞ്ഞു. ഇതോടെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിലാക്കുന്നതിൽ കയ്പമംഗലം നിയോജകമണ്ഡലം സംസ്ഥാനത്ത് തന്നെ ഏറ്റവും മുന്നിട്ടു നിൽക്കുന്ന മണ്ഡലം ആയി മാറും.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തുതന്നെ ശ്രദ്ധയാകർഷിക്കുന്ന നിരവധി പരിപാടികളാണ് മണ്ഡലത്തിൽ നടന്നുവരുന്നത്. എൽപി മുതൽ ഹയർസെക്കൻഡറി വരെ അക്കാദമിക് മാസ്റ്റർ പ്ലാനും ജനകീയ മാസ്റ്റർപ്ലാനും നിലവിലുള്ള സംസ്ഥാനത്തെ അപൂർവ്വ മണ്ഡലങ്ങളിൽ ഒന്നാണ് കയ്പമംഗലം. ഉന്നത വിദ്യാഭ്യാസപരിശീലന പരിപാടിയായ സുമേധ, വിദ്യാർത്ഥികളുടെ ആരോഗ്യ-ലഹരി വിമുക്ത പരിപാടിയായ സ്വരക്ഷ എന്നിവ സംസ്ഥാനത്ത് ശ്രദ്ധയാകർഷിച്ച പരിപാടികളാണ്. കഴിഞ്ഞ പ്രളയകാലത്ത്  1000 കിലോ പ്ലാസ്റ്റിക് കുപ്പികൾ വിദ്യാർഥികളുടെ നേതൃത്വത്തിൽ ശേഖരിച്ച്  ലഭിച്ച 50,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കൊടുത്തിരുന്നു. ഇതേ മാതൃകയിൽ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളോടും പ്ലാസ്റ്റിക് കുപ്പികൾ ശേഖരിക്കാൻ പ്രത്യേക ഉത്തരവ് വിദ്യാഭ്യാസ വകുപ്പ് ഇറക്കിയിരുന്നു.

## ഹരിത ഐടിഐ കാമ്പസ്
## ആദ്യഘട്ട പ്രഖ്യാപനം നവംബർ ഒന്നിന്

സംസ്ഥാനത്തെ പതിനാല് ഐടിഐകളെ ഹരിതഐടിഐകളായി നവംബർ ഒന്നിന് പ്രഖ്യാപിക്കും. ഹരിതകേരളം മിഷന്റെയും വ്യാവസായിക പരിശീലന വകുപ്പിന്റെയും സംയുക്തസംരംഭമാണിത്. ധനുവച്ചപുരം, കഴക്കൂട്ടം(വനിത), ചന്ദനത്തോപ്പ്, ചെന്നീർക്കര, കളമശ്ശേരി, കട്ടപ്പന, ചാലക്കുടി (വനിത), മലമ്പുഴ, വാണിയാംകുളം, കോഴിക്കോട് (വനിത), കൽപ്പറ്റ, അരീക്കോട്, കണ്ണൂർ (വനിത), പുല്ലൂർ എന്നീ ഐടിഐകളെയാണ് ആദ്യഘട്ടമായി ഹരിതഐടിഐ കാമ്പസുകളായി പ്രഖ്യാപിക്കുക. ഇതുസംബന്ധിച്ച പ്രവൃത്തികൾക്കായി ബഡ്ജറ്റിൽ അനുവദിച്ച ഒരു കോടി രൂപ വിനിയോഗിച്ചാണ് പദ്ധതി നിർവ്വഹിക്കുന്നത്.

ഐടിഐകളുടെ അന്തരീക്ഷം പ്രകൃതിസൗഹൃദമാക്കുക, മഴവെള്ള സംഭരണികൾ, ബയോഗ്യാസ്, ബയോവേസ്റ്റ് പ്ലാന്റുകൾ, പച്ചത്തുരുത്ത് തുടങ്ങിയവ സ്ഥാപിക്കുക, കാമ്പസുകളിൽ ഫലവൃക്ഷത്തൈകൾ നടുക, തുടങ്ങിയവ പ്രധാനമായും ഇതിൽ ഉൾപ്പെടുന്നു. ഐആർടിസി, കോസ്റ്റ്ഫോഡ്, ശുചിത്വമിഷൻ, ഭൂജലവകുപ്പ്, ഫിഷറീസ് വകുപ്പ്, എനർജി മാനേജ്മെന്റ്സെന്റർ, കൃഷി വകുപ്പ്, ജലസേചന വകുപ്പ് എന്നിവയുടെ സഹകരണവും പദ്ധതിയുടെ നടത്തിപ്പിലുണ്ടാവും. നവംബർ ഒന്നിന് ഹരിതഐടിഐ കാമ്പസ് പ്രഖ്യാപനത്തിന് മുമ്പ് തന്നെ ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള കർമ്മപദ്ധതി തയ്യാറാക്കി. ഓരോ ഐടിഐകളേയും ഹരിതകാമ്പസുകളാക്കി മാറ്റുന്നതിന് പ്രത്യേകം പ്രത്യേകം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള സജ്ജീകരണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി വരികയാണെന്ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ ഡോ. ടി എൻ സീമ അറിയിച്ചു.

## എക്സൈസ് കൺട്രോൾ റൂം തുറന്നു

ഓണക്കാലത്ത് അബ്കാരി കുറ്റകൃത്യങ്ങൾ നേരിടാൻ അയ്യന്തോൾ സിവിൽ സ്റ്റേഷനിൽ ഡെപ്യൂട്ടി കമ്മീഷണറുടെ കാര്യാലയത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന  ജില്ലാ കൺട്രോൾ റൂമും താലൂക്ക് തലത്തിൽ എക്സൈസ് സർക്കിൾ ഓഫീസുകളിലും കൺട്രോൾ റൂമും തുറന്നു. സ്പിരിറ്റ്, മദ്യം, മയക്കുമരുന്ന് എന്നിവയുടെ അനധികൃത കള്ളക്കടത്ത്, വ്യാജ മദ്യത്തിന്റെ നിർമ്മാണവും വിതരണവും തടയൽ എന്നിവയാണ് കൺട്രോൾ റൂമിന്റെ പ്രവർത്തനം. കൺട്രോൾ റൂമിൽ ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിന് സട്രൈക്കിങ്ങ് ഫോഴ്സുകളും സജ്ജമാക്കിയിട്ടുണ്ട്.  കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരം നൽകുന്നവരുടെ പേരുവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും. പൊതുജനങ്ങൾക്ക് അബ്കാരി കുറ്റകൃത്യം സംബന്ധിച്ച ഏത് പരാതിയും താഴെ പറയുന്ന നമ്പറുകളിൽ അറിയിക്കാം. ജില്ലാ കൺട്രോൾ റൂം : 0487-2361237, 9447178060, 9496002868. താലൂക്ക് തല കൺട്രോൾ റൂം - തൃശൂർ : 0487-2327020, 9400069583, ഇരിങ്ങാലക്കുട : 0480

-2832800, 9400069589, വടക്കാഞ്ചേരി : 04884-232407, 9400069585, വാടാനപ്പിള്ളി : 0487-2290005, 9400069587, കൊടുങ്ങല്ലൂർ : 0480-28093390, 9400069591, തൃശൂർ എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് ഓഫീസ് :0487-2362002, 9496002868, 9400069582, വെറ്റിലപ്പാറ എക്സൈസ് ചെക്ക് പോസ്റ്റ് : 0480-2769011, 9400069606.

## പാരമ്പര്യേതര ട്രസ്റ്റി നിയമനം

മലബാർ ദേവസ്വം ബോർഡിന് കീഴിലെ ചാവക്കാട് താലൂക്കിലെ ശ്രീ. മമ്മിയൂർ ദേവസ്വത്തിന്റെ പാരമ്പര്യേതര ട്രസ്റ്റി നിയമിക്കുന്നതിന് ഹിന്ദുമതം ആചരിക്കുന്നവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 18. അപേക്ഷഫോറവും വിശദവിവരങ്ങും മലബാർ ദേവസ്വം ബോർഡ് മലപ്പുറം അസിസ്റ്റന്റ് കമ്മീഷണർ ഓഫീസിൽ നിന്നും www.malabardevaswom.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. ഫോൺ : 0495-2367735.

## തൊഴിൽരഹിത വേതനം

മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ നിന്നും തൊഴിൽരഹിത വേതനം കൈപ്പറ്റുന്നവർ അവരുടെ പേരിലുള്ള ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, തൊഴിൽ രഹിത വേതന കാർഡ്, റേഷൻകാർഡ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ സഹിതം ആഗസ്റ്റ് 26, 27 തീയതികളിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഹാജരാക്കണം. കഴിഞ്ഞ തവണ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കി വേതനം കൈപ്പറ്റിയിട്ടുള്ളവർ വീണ്ടും ഹാജരാകേണ്ടതില്ല.

## പ്രായോഗിക പരിശീലനം: അപേക്ഷ ക്ഷണിച്ചു

മഞ്ചേരി പയ്യനാട് കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിൽ റബ്ബർ പാലിൽ നിന്നും ഡ്രൈ റബ്ബറിൽ നിന്നും ഉൽപന്നങ്ങൾ നിർമ്മിച്ച് റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് മൂന്ന് ദിവസത്തെ പ്രായോഗിക പരിശീലനം നടത്തുന്നു. സെപ്റ്റംബർ 26 മുതൽ 28 വരെ നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 585 രൂപ രജിസ്ട്രേഷൻ ഫീസ് നൽകി സെപ്റ്റംബർ 20 നകം പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 0483-2768507, 9846797000.

## ടെലിവിഷൻ ജേർണലിസത്തിന് അപേക്ഷിക്കാം

കെൽട്രോൺ ടെലിവിഷൻ ജേർണലിസം കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ബിരുദമാണ് യോഗ്യത. അവസാന വർഷ ഡിഗ്രി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. പ്രായപരിധി 30 വയസ്സ്. മാധ്യമ സ്ഥാപനങ്ങളിൽ പരിശീലനം, ഇന്റേൺഷിപ്, പ്ലേസ്മെന്റ് സഹായം എന്നിവ പഠനസമയത്ത് നിബന്ധനകൾക്ക് വിധേയമായി ലഭിക്കും. പ്രിന്റ് ജേർണലിസം, ഓൺലൈൻ ജേർണലിസം, മൊബൈൽ ജേർണലിസം എന്നിവയിലും പരിശീലനം ലഭിക്കും. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുമായി തിരുവനന്തപുരം കെൽട്രോൺ നോളജ് സെന്ററിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കാം. www.ksg.keltron.in എന്ന വെബ്സൈറ്റിലും അപേക്ഷാ ഫോം ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 30. ഫോൺ: 8137969292.

## ഇഇജി ടെക്നീഷ്യൻ ഒഴിവ്

തൃശൂർ ജില്ലയിലെ സർക്കാർ സ്ഥാപനത്തിൽ ഇഇജി ടെക്നീഷ്യൻ തസ്തികയിൽ നിയമനം നടത്തുന്നു. തിരുവനന്തപുരം ന്യൂറോളജി യൂണിറ്റി ലാബ്, മദ്രാസ് മെഡിക്കൽ കോളേജ് ന്യൂറോളജി ഇൻസ്റ്റിറ്റ്യൂട്ട്, വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ്, ന്യൂഡെൽഹി എംയിസ് എന്നിവയിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നിന്നുള്ള ഇഇജി പരിശീലനമാണ് യോഗ്യത. താൽപര്യമുള്ളവർ ആഗസ്റ്റ് 31 നകം അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യണമെന്ന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു.

# പിഎസ്‌സി അഭിമുഖം

തൃശൂർ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) (കാറ്റഗറി നമ്പർ 272/2017) തസ്തികയിലേക്ക് അപേക്ഷ സമർപ്പിച്ചവരിൽ യോഗ്യരായവരുടെ അഭിമുഖം ആഗസ്റ്റ് 21, 22 തീയതികളിൽ പാലക്കാട് ജില്ലാ പിഎസ്‌സി ഓഫീസിൽ നടത്തും. ഉദ്യോഗാർത്ഥികൾക്ക് എസ്എംഎസ്, പ്രൊഫൈൽ സന്ദേശം എന്നിവ നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് നിശ്ചിത സമയത്തും നിർദ്ദിഷ്ട സ്ഥലത്തും ഹാജരാകണമെന്ന് പിഎസ്‌സി ജില്ലാ അറിയിച്ചു.

# സീറ്റൊഴിവ്

ചാലക്കുടി മോഡൽ റസിഡെൻഷ്യൽ സ്കൂളിൽ ആറ്, എട്ട് എന്നീ ക്ലാസ്സുകളിൽ സീറ്റൊഴിവുണ്ട്. താൽപര്യമുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ആഗസ്റ്റ് 22 നകം അപേക്ഷ നൽകണമെന്ന് സീനിയർ സൂപ്രണ്ട് അറിയിച്ചു. ഫോൺ: 0480-2960400, 9544113821.

# സിവിൽ സർവീസ് പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു

സുമേധ സിവിൽ സർവീസ് അക്കാദമി ഇന്ത്യൻ സിവിൽ സർവീസ്, കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് പരീക്ഷകൾക്കായുള്ള പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. ഈ വർഷം സെപ്റ്റംബറിൽ ക്ലാസുകൾ തുടങ്ങുന്ന ബാച്ചുകളിലേക്കാണ് പ്രവേശനം. റെഗുലർ, വീക്കെൻഡ് എന്നിങ്ങനെ രണ്ട് ബാച്ചുകളിലേക്കാണ് പ്രവേശനം. റെഗുലർ ബാച്ചിൽ ഡിഗ്രി യോഗ്യത ഉള്ളവർക്കാണ് അവസരം. വീക്കെൻസ് ബാച്ചിലേക്ക് ബിരുദ-ബിരുദാനന്തര കോഴ്സ് ചെയ്യുന്നവരോ ഡിഗ്രി യോഗ്യതയുള്ളവരോ ആയവർക്ക് അപേക്ഷിക്കാം. എഴുത്തുപരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സിവിൽ സർവീസ് പരിശീലനത്തിന് അവസരം ലഭിക്കും. എഴുത്തുപരീക്ഷ സെപ്റ്റംബർ ഒന്നിന് രാവിലെ 9.30 ന് പെരിഞ്ഞനം ഗവ. യുപി സ്കൂളിൽ നടക്കും. പരീക്ഷയിൽ പങ്കെടുക്കാൻ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. അപേക്ഷാഫോം പെരിഞ്ഞനം ഗവ. യുപി സ്ക്കൂളിൽ പ്രവർത്തിക്കുന്ന മതിലകം ബിആർസി ഓഫീസിൽ നിന്ന് ലഭിക്കും. www.sumedhakaipamangalam.blogspot.in വഴി ഓൺലൈൻ ആയോ അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 28. ഫോൺ: 9496347528, 9745377785.

# ശിൽപശാല

കേന്ദ്ര യുവജനകാര്യ മന്ത്രാലയത്തിന്റെ സഹകരണത്തോടെ നെഹ്റു യുവകേന്ദ്ര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള സംസ്ഥാനതല ശിൽപശാല ആഗസ്റ്റ് 21, 22, 23 തീയതികളിൽ മുളങ്കുന്നത്തുകാവ് കിലയിൽ നടക്കും. ശിൽപശാല ആഗസ്റ്റ് 21 രാവിലെ പത്തിന് കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ഉദ്ഘാടനം ചെയ്യും. നെഹ്റു യുവകേന്ദ്ര ദേശീയ വൈസ് ചെയർമാൻ വിഷ്ണു വർദൻ റെഡ്ഡിയുമായുള്ള നെഹ്റു യുവകേന്ദ്ര പ്രവർത്തകരുടെ മുഖാമുഖം ആഗസ്റ്റ് 23 ഉച്ച രണ്ട് മണി മുതൽ കില ഓഡിറ്റോറിയത്തിൽ നടക്കും. ജില്ലാ കോർഡിനേറ്റർമാർ, പ്രോഗ്രാം ഓഫീസർമാർ എന്നിവർ പങ്കെടുക്കും.

# യോഗം ഇന്ന് (ആഗസ്റ്റ് 21)

സൻസദ് ആദർശ് ഗ്രാമയോജന പദ്ധതി പ്രകാരം സുരേഷ് ഗോപി എംപി തെരഞ്ഞെടുത്ത അവിണിശ്ശേരി ഗ്രാമപഞ്ചായത്തിലെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട യോഗം ഇന്ന് (ആഗസ്റ്റ് 21) ഉച്ചയ്ക്ക് 2.30 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

# ആർടിഎ യോഗം
# മാറ്റി വച്ചു

റീജ്യണൽ ട്രാൻസ്പോർട്ട് അതോറിറ്റി ആഗസ്റ്റ് 22 ന് നടത്താനിരുന്ന യോഗം സെപ്റ്റംബർ അഞ്ചിലേക്ക് മാറ്റിയതായി സെക്രട്ടറി അറിയിച്ചു.

# അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം കെൽട്രോൺ നോളജ് സെന്ററിൽ നെറ്റ്‌വർക്ക് മെയിന്റെനൻസ് വിത്ത് ഇ-ഗാഡ്ജറ്റ് ടെക്നോളജി കോഴ്സിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുമായി നേരിട്ടെത്തി അപേക്ഷ സമർപ്പിക്കാം. www.ksg.keltron.in എന്ന വെബ്സൈറ്റിലും അപേക്ഷ ഫോം ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 30. വിശദവിവരങ്ങൾക്ക് 0471-2325154/4016555 എന്ന ഫോൺ നമ്പറിലോ, കെൽട്രോൺ നോളജ് സെന്റർ, രണ്ടാം നില, ചെമ്പിക്കലം ബിൽഡിംഗ്, ബേക്കറി-വിമൻസ് കോളേജ് റോഡ്, വഴുതയ്ക്കാട് പി ഒ, തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടുക.

# ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

വ്യവസായ വകുപ്പ് മുഖേന എടുത്ത മാർജിൻ മണി വായ്പ കുടിശ്ശിക അടച്ചു തീർക്കാൻ സാധിക്കാതിരുന്ന വ്യവസായ സംരംഭകരെ സഹായിക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടങ്ങുന്നു. 2019 നവംബർ എഴ് വരെയുള്ള കാലയളവിൽ നിബന്ധനകൾക്ക് വിധേയമായി വായ്പാ കുടിശ്ശിക തീർപ്പാക്കാം. പിഴപലിശ പൂർണ്ണമായും ഒഴിവാക്കും. ആറ് ശതമാനം പലിശ കണക്കാക്കി പലിശയുടെ 50 ശതമാനം തുക ഇളവ് ചെയ്യും. കണക്കാക്കുന്ന പലിശ മുതൽ തുകയേക്കാൾ അധികരിക്കുന്ന പക്ഷം തുകയക്ക് തുല്യമായി പലിശ തുക നിജപ്പെടുത്തും. ഇപ്രകാരം കണക്കാക്കുന്ന വായ്പ കുടിശ്ശിക തുകയുടെ 50 ശതമാനം ആദ്യ ഗഡുവായി മൂന്ന് മാസത്തിനകം അടയ്ക്കണം. ബാക്കി കുടിശ്ശിക ഒരു വർഷത്തിനുള്ളിൽ രണ്ട് ഗഡുക്കളായി അടച്ച് ലോൺ അക്കൗണ്ട് തീർപ്പാക്കാം. കൂടുതൽ വിവരങ്ങൾക്ക് വ്യവസായ വികസ ഓഫീസറോയോ, താലൂക്ക് വ്യവസായ ഓഫീസുമായോ, ജില്ലാ വ്യവസായ കേന്ദ്രവുമായോ ബന്ധപ്പെടണം.

# ഉപതെരഞ്ഞെടുപ്പ്: സെപ്റ്റംബർ മൂന്നിന് പ്രാദേശിക അവധി

ഉപതെരഞ്ഞെടുപ്പ് നടക്കുന്ന കുഴൂർ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡ് കുഴൂരിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും പോളിങ്ങ് സ്റ്റേഷനായി നിർണ്ണയിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും ഉപതെരഞ്ഞടുപ്പ് ദിവസമായ സെപ്റ്റംബർ മൂന്നിന് ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. മേൽ പറഞ്ഞ വാർഡിൽ വോട്ടവകാശമുള്ളവരും വാർഡിലെ പുറത്തുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുമായ വോട്ടർമാർക്ക് സമ്മതിദാനാവകാശം വിനിയോഗിക്കാൻ സ്ഥാപനമേധാവികൾ സൗകര്യം ചെയ്തു കൊടുക്കണം. ഉപതെരഞ്ഞെടുപ്പ് നടക്കുന്ന വാർഡിന്റെ പരിധിക്കുള്ളിൽ വോട്ടെടുപ്പ് പൂർത്തിയാകുന്നതിന്റെ 48 മണിക്കൂർ മുമ്പ് മുതലും വോട്ടെണ്ണൽ ദിവസവും (സെപ്റ്റംബർ ഒന്ന് വൈകീട്ട് അഞ്ച് മുതൽ സെപ്റ്റംബർ മൂന്ന് വൈകീട്ട് അഞ്ച് വരെയും സെപ്റ്റംബർ നാലിനും) സമ്പൂർണ മദ്യനിരോധനം ഏർപ്പെടുത്തിയും ഉത്തരവായി.

# വായ്പ യോഗ്യത നിർണ്ണയ ക്യാമ്പ് ഇന്ന് (ആഗസ്റ്റ് 21) കുന്നംകുളത്ത്

നോർക്ക റൂട്ട്സ് പ്രവാസി പുനരധിവാസ പദ്ധതിയും ഇന്ത്യൻ ഓവർസീസ് ബാങ്കും സംയുക്തമായി വായ്പ യോഗ്യത നിർണ്ണയ ക്യാമ്പ് നടത്തുന്നു. ഇന്ന് (ആഗസ്റ്റ് 21) രാവിലെ പത്തിന് കുന്നംകുളം ചൊവ്വന്നൂർ അറേബ്യൻ പാലസ് വെഡിങ്ങ് ഹാളിൽ കെ വി അബ്ദുൾ ഖാദർ എംഎൽഎ ക്യാമ്പ് ഉദ്ഘാടനം ചെയ്യും. കുന്നംകുളം മുനിസിപ്പൽ ചെയർപേഴ്സൺ സീത രവീന്ദ്രൻ അദ്ധ്യക്ഷത വഹിക്കും. മുനിസിപ്പൽ കൗൺസിലർ പി ഐ തോമസ്, നോർക്ക റൂട്ട്സ് ചീഫ്

എക്സിക്യൂട്ടീവ് ഓഫീസർ കെ ഹരികൃഷ്ണൻ നമ്പൂതിരി, നോർക്ക റൂട്ട്സ് ജനറൽ മാനേജർ സി ജഗദീഷ്, ഐഒബി ചീഫ് റീജ്യണൽ മാനേജർ എം നാരായൺ നായർ, സിഎംഡി ഡയറക്ടർ ഡോ. ജി സുരേഷ് തുടങ്ങിയവർ പങ്കെടുക്കും.

താൽപര്യമുള്ളവർ നോർക്ക് റൂട്ട്സിന്റെ വെബ്സൈറ്റായ www.norkaroots.org യിൽ എൻഡിപിആർഇഎം ഫീൽഡിൽ ആവശ്യരേഖകളായ പാസ്പോർട്ട്, പദ്ധതിയുടെ വിവരണം, അപേക്ഷകന്റെ ഫോട്ടോ എന്നിവ അപ്‌ലോഡ് ചെയ്ത് മുൻകൂർ പേര് രജിസ്റ്റർ ചെയ്യണം. തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ അടങ്കൽ തുക ഉൾപ്പെടെ ലഘു വിവരണവും, രണ്ട് വർഷത്തെ വിദേശ വാസം തെളിയിക്കുന്ന പാസ്പോർട്ട്, റേഷൻ കാർഡ്, ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ അസ്സലും പകർപ്പും മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോയും ക്യാമ്പിൽ കൊണ്ടുവരണം. ഫോൺ : 0471-2329738, 18004253939 (ടോൾഫ്രീ-ഇന്ത്യ), 00918802012345 (വിദേശം), 0471-2770581 (മിസ്ഡ്കോൾ സേവനം).

## വിദേശ കുടിയേറ്റം : ചൂഷണം തടയുവാൻ വിദേശകാര്യ വകുപ്പും നോർക്കയും കൈകോർക്കും

തൊഴിൽ ചൂഷണങ്ങളും തട്ടിപ്പുകളും തടയാനും സുരക്ഷിതവും നിയമപരവുമായ കുടിയേറ്റം സാധ്യമാകുന്നതിനുമായി കേന്ദ്ര വിദേശകാര്യ വകുപ്പും നോർക്ക വകുപ്പും സംയുക്തമായി തിരുവനന്തപുരത്ത് ആഗസ്റ്റ് 29, 30 തീയതികളിൽ ബന്ധപ്പെട്ടവരുടെ യോഗം സംഘടിപ്പിക്കും. അനധികൃത റിക്രൂട്ട്മെന്റ്, വ്യാജ വിസ തട്ടിപ്പ്, ഓൺലൈൻ ജോലി വാഗ്ദാനം ചെയ്ത് കബളിപ്പിക്കൽ തുടങ്ങിയവ വർദ്ധിച്ചു വരുന്ന സാഹചര്യത്തിലാണ് യോഗം. കേന്ദ്ര വിദേശകാര്യ വകുപ്പ്, നോർക്ക വകുപ്പ്, ആഭ്യന്തര വകുപ്പ്, എഫ്ആർആർഒ, തിരുവനന്തപുരം റീജിയണൽ പാസ്പ്പോർട്ട് ഓഫീസ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരും വിവിധ അംഗീകൃത റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രതിനിധികളും യോഗത്തിൽ പങ്കെടുക്കും. പൊതുജനങ്ങൾക്ക് പരാതികൾ അവതരിപ്പിക്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള അവസരം ഒരുക്കും. ഇതിനായി തിരുവനന്തപുരത്ത് തൈക്കാട് നോർക്ക റൂട്ട്സിൽ പ്രവർത്തിക്കുന്ന വിദേശകാര്യ വകുപ്പിന്റെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ ഓഫീസിൽ ആഗസ്റ്റ് 26 നകം ഫോൺ/ഇ-മെയിൽ മുഖാന്തിരം ബന്ധപ്പെടണം. ഫോൺ: 0471-2336625. ഇ-മെയിൽ: peotvm2@mea.gov.in

## ഭൂതംകുറ്റി ബ്രാഞ്ച് കനാൽ ലിങ്ക് കനാലായി നിർമ്മിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

ഇടമലയാർ അണക്കെട്ടിലെ വെള്ളം അങ്കമാലിയിലെ മൂക്കന്നൂരിനടുത്ത് ലിങ്ക് കനാൽ വഴി വിതരണം ചെയ്യുന്നതിന് ഭൂതംകുറ്റി ബ്രാഞ്ച് കനാൽ ലിങ്ക് കനാലായി നിർമ്മിക്കുന്നതിന് ആസൂത്രണ ബോർഡിന്റെ അനുമതി എത്രയും വേഗം ലഭ്യമാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.കമ്മീഷൻ ജുഡീഷ്യൽ അംഗം പി. മോഹനദാസ് ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് നിർദ്ദേശം നൽകിയത്. ഉത്തരവിന്റെ പകർപ്പ് ആസൂത്രണ ബോർഡ് ഉപാധ്യക്ഷനും അയച്ചു.

ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് കമ്മീഷൻ റിപ്പോർട്ട് നൽകി. ഇടമലയാർ ജലസേചന പദ്ധതിയുടെ ലക്ഷ്യം അണക്കെട്ടിൽ നിന്നും ജലം ഭൂതത്താൻ കെട്ട് ബാരേജിൽ സംഭരിച്ച് കെ പി കനാൽ വഴി എറണാകുളം ജില്ലയിലെ 14394 ഹെക്ടർ സ്ഥലത്ത് കൃഷിക്ക് ജലസേചനം നടത്തുക എന്നതാണെന്ന് റിപ്പോർട്ടിൽ പറയുന്നു. ഇതിന്റെ മെയിൻ കനാലിന് 31.272 കിലോമീറ്റർ നീളമുണ്ട്. ഇത് രണ്ടായി തിരിഞ്ഞ് ലോ ലെവൽ കനാലും ലിങ്ക് കനാലുമായി വേർതിരിയുന്നു. ലിങ്ക് കനാലിന് 7.576 കിലോമീറ്റർ നീളമുണ്ട്. 2 കിലോമീറ്റർ പണി പൂർത്തിയാക്കി. 2 മുതൽ 3 കിലോമീറ്റർ വരെയുള്ള ഭാഗത്തിന്റെ 90% ഭൂമി ഏറ്റെടുക്കൽ കഴിഞ്ഞു. 3 മുതൽ 4 കിലോമീറ്റർ വരെയുള്ള ഭാഗത്തിന്റെ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കി കനാൽ പൂർത്തീകരിക്കേണ്ടിയിരിക്കുന്നു. 4 കിലോമീറ്റർ മുതൽ 7.575 കിലോമീറ്റർ വരെയുള്ള ഭാഗത്ത് നിലവിലുള്ള ഭൂതംകുറ്റി ബ്രാഞ്ച് കനാൽ ലിങ്ക് കനാലായി പുനർനിർമ്മിക്കണം. ഇതിന്റെ തുടർ നടപടികൾക്കായി ആസൂത്രണ ബോർഡിന്റെ സാങ്കേതിക സമിതി സ്ഥലം സന്ദർശിച്ച് 86 കോടിയുടെ വിശദമായ റിപ്പോർട്ട് ആസൂത്രണ ബോർഡിന് സമർപ്പിച്ചിരിക്കുകയാണ്. ബോർഡിന്റെ അനുമതി ലഭിച്ചാൽ ലിങ്ക് കനാൽ നിർമ്മാണം പൂർത്തിയാക്കി ജലസേചനം നടത്താൻ കഴിയുമെന്ന് റിപ്പോർട്ടിൽ പറയുന്നു. കൊരട്ടി സ്വദേശി ജോസ് പോൾ നൽകിയ പരാതിയിലാണ് നടപടി.